"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്-കൺസെർവേഷൻ ഓഫ് ക്രൂത്താട്ടുകുളം ശ്രീമഹാദേവ ക്ഷേത്രം,എറണാകുളം എന്ന പദ്ധതി- പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.600/2024/TSM തീയതി,തിരുവനന്തപുരം, 19-10-2024

---

പരാമർശം:-

1. 01.02.2023 തീയതിയിലെ സ. ഉ (സാധാ) നം.45/2023/ടൂറിസം
2. WPC No.6526/2023 നമ്പർ കേസിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 09-08-2023 തീയതിയലെ വിധിന്യായം.
3. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 16-02-2024 തീയതിയിലെ DOT/14257/2023-P2 നമ്പർ കത്ത്.
4. എറണാകുളം ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടറുടെ 03-09-2024 തീയതിയലെ 223/24PPO/EKM നമ്പർ കത്ത്.

**ഉത്തരവ്**

കൺസെർവേഷൻ ഓഫ് ക്രൂത്താട്ടുകുളം ശ്രീമഹാദേവ ക്ഷേത്രം, എറണാകുളം എന്ന പദ്ധതിയ്ക്ക് 5452-01-101-99-00-34-03-പി-വി അപ്ഗ്രഡേഷൻ ക്രിയേഷൻ ഓഫ് ഇൻഫ്രാസ്ട്രക്ചർ & അമിനിറ്റീസ് എന്ന ശീർഷകത്തിൽ നിന്നും ₹500,00,000/- (അഞ്ച് കോടി രൂപ മാത്രം) അനുവദിച്ച് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2). ടി പദ്ധതി നടപ്പിലാക്കുന്നതിനെതിരെ ശ്രീ. എ.പി പരമേശ്വരൻ നമ്പൂതിരി WPC No.6526/2023 നമ്പർ കേസ് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്യുകയും ആയതുമായി ബന്ധപ്പെട്ട് പരാമർശം (2) വിധിന്യായത്തിൽ മേൽ ഉത്തരവിലെ 5 -ാം നിബന്ധന റദ്ദ് ചെയ്തു കൊണ്ട് കേസ് തീർപ്പാക്കിയിരുന്നു. WP(C)No.6526/23 നമ്പർ കേസ്സിൽ 2023 ആഗസ്റ്റ് 9-ാം തീയതിയിലെ വിധിന്യായത്തിലെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:-

"......Accordingly, this Writ Petition is disposed of by quashing

clause No.(5) alone in Ext.P7 order dated 01.02.2023. It is made clear that respondent Nos.1 to 5 or any of them shall approach the civil court to get permission or clarification/modification of Exts.P5 and P6 orders, if required, in order to carry out the work envisaged in Ext.P7 order, before the commencement of the work. We make it clear that the work that would be carried out as per Ext.P7 will not be a bar in adjudicating rights in the aforementioned suits..."

(3). പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മേൽ പദ്ധതിയുടെ പൂർത്തീകരണത്തിനായി നിർവഹണ ഏജൻസിയെ / കോൺട്രാക്ടറെ ടെൻഡർ വഴി തെരഞ്ഞെടുക്കുന്നതിനും, ടി പദ്ധതിയുടെ പൂർത്തീകരണ കാലാവധി 18 മാസമായി നിശ്ചയിച്ച് നൽകണമെന്നും പരാമർശം (3) പ്രകാരം വിനോദ സഞ്ചാര ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി .

(4). മേൽ കേസുമായി ബന്ധപ്പെട്ടുള്ള Ext.P5, Ext.P6 (**OS 18/2020,OS 20/2020**) എന്നിവ പരിശോധിച്ച എറണാകുളം ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ കുത്താട്ടുകുളം വില്ലേജിലെ സർവേ നമ്പർ 87/27ൽ സ്ഥിതി ചെയ്യുന്ന "കൺസെർവേഷൻ ഓഫ് കുത്താട്ടുകുളം ശ്രീമഹാദേവ ക്ഷേത്രം,എറണാകുളം" എന്ന പദ്ധതി ആരംഭിക്കുന്നതിനും പൂർത്തിയാക്കുന്നതിനും നിയമ തടസ്സങ്ങളൊന്നുമില്ലായെന്ന് പരാർശം (4) പ്രകാരം അറിയിക്കുകയുണ്ടായി.

(5). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കൺസെർവേഷൻ ഓഫ് കുത്താട്ടുകുളം ശ്രീമഹാദേവ ക്ഷേത്രം,എറണാകുളം എന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 18 മാസമായി നിശ്ചയിച്ചുകൊണ്ടും, ടി പ്രവൃത്തി സർക്കാർ റെഗുലേഷൻസ്/ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ടുള്ള ടെൻഡർ ക്ഷണിച്ച്, നടപടിക്രമങ്ങൾ പാലിച്ച്, നിർമ്മാണ പ്രവർത്തനം നടത്തുവാൻ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(6). പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതും, പദ്ധതിയുടെ നടത്തിപ്പിനായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ എല്ലാ നിബന്ധനകളും

നിർബന്ധമായും പാലിയ്ക്കേണ്ടതും, പദ്ധതി നടപ്പിലാക്കിയതിന് ശേഷമുള്ള രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.
ചീഫ്, പ്ലാൻ കോ-ഓർഡിനേഷൻ വിഭാഗം, സംസ്ഥാന പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I/II), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ് (ഫയൽ നമ്പർ 2715205/വ്യയം-ബി2/78/2024-ധന)
നിയമ വകുപ്പ് (ഫയൽ നമ്പർ.ഒപ്പീനിയൻ-എഫ്3/83/2024-നിയമം)
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ടൂർ-സി2/279/2022-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 19-10-2024 14:09:57

സെക്ഷൻ ഓഫീസർ

പകർപ്പ് :

1. വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.
3. വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.